പുതുതായി അനുവദിച്ച കള്ള് ഷാപ്പുകൾ

97 (1060) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ കള്ളുഷാപ്പുകളും വിദേശമദ്യഷാപ്പുകളും ആരംഭിച്ചിട്ടുണ്ട് ;

(ബി) കള്ളുഷാപ്പുകളിൽ നിന്നും മദ്യഷാപ്പുകളിൽ നിന്നും ഓരോ വർഷവും എത്ര രൂപയാണ് വരുമാനം ലഭിച്ചത് ; ഓരോ വർഷവും എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇക്കാലയളവിൽ ദൂരപരിധി ലംഘിച്ച് മദ്യഷാപ്പുകൾ ആരംഭിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 33 കെഎസ്ബിസി വില്പന ശാലകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കള്ളുഷാപ്പുകളൊന്നും പുതുതായി അനുവദിച്ചിട്ടില്ല.

(ബി)

തുക (കോടിയിൽ)

വർഷം	കള്ളുഷാപ്പ്	വിദേശമദ്യഷോപ്പ്	വർദ്ധനവ്	
			കള്ള്	IMFL
2006-07	37.78	167.65	...	...
2007-08	39.91	207.90	5.68%	24%
2008-09	28.44	212.31	-28%	2.12%
2009-10	30.99	212.94	8.96%	0.3%
2010-11	30.04	199.83	...	...

(സി) ഉണ്ട്.

(ഡി) ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി. ആവശ്യമായ കേസുകളിൽ ഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly